**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2476** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>നിലമ്പൂർ സബ് ട്രഷറി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

N/A independent_member_mock
N/A independent_member_mock

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** നിലമ്പൂർ സബ് ട്രഷറിയുടെ പരിധിയിൽ പുതുതായി നിരവധി സ്ഥാപനങ്ങൾ വന്നിട്ടും സബ് ട്രഷറിയിൽ ഇപ്പോഴും പഴയ സ്റ്റാഫ് പാറ്റേൺ അതേപടി തുടരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** നിലമ്പൂർ സബ്ട്രഷറിയിൽ പഴയ സ്റ്റാഫ് പാറ്റേൺ തുടരുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ സംബന്ധിച്ച വിഷയം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**(ബി)** സബ് ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് സ്റ്റാഫ് പാറ്റേൺ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ;

**<u>മറുപടി:</u>** വൈജ്ഞാനിക ഭരണ നിർവ്വഹണം സാധ്യമാക്കുന്നതുമായി ബന്ധപ്പെട്ട് ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ പുനഃക്രമീകരിക്കുന്നതിനായി നിലമ്പൂർ ഉൾപ്പെടെയുള്ള ട്രഷറികളുടെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു.

**(സി)** നിലവിൽ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന നിലമ്പൂർ സബ് ട്രഷറിക്കായി നിർമ്മിക്കുന്ന പുതിയ കെട്ടിടത്തിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** നിലമ്പൂർ സബ് ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് **HLL Life Care Ltd**-നെ പദ്ധതി നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ **2026 ഫെബ്രുവരിയോട്** കൂടി പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി **HLL Life Care Ltd** അറിയിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**